നടപ്പിലാക്കി കാര്യക്ഷമത വർദ്ധിപ്പിച്ച് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. വിപണി വിപുലീകരിക്കുന്നതിനും ഉല്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ആവശ്യമായ പരിശോധനകൾക്കുശേഷം റിയാബ് സമർപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതിരേഖ സർക്കാർ വീണ്ടും പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയോടുകൂടി ധനസഹായം അനുവദിക്കുന്നു.

കിൻഫ്ര ഏറ്റെടുത്ത സ്ഥലത്തെ വ്യവസായ സംരംഭങ്ങൾ

155 (540) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു:
ശ്രീ. ജോസ് തെറ്റയിൽ:
ശ്രീ. മാത്യു ടി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-കളിൽ കോഴിക്കോട് സർവ്വകലാശാലയുടെ ആവശ്യത്തിന് വേണ്ടി അക്വയർ ചെയ്ത സ്ഥലത്തുനിന്നും 70 ഏക്കർ സ്ഥലം കിൻഫ്ര എങ്ങനെ, ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്തു എന്ന് വ്യക്തമാക്കാമോ; അതിനുവേണ്ടി സ്വീകരിക്കപ്പെട്ട ഭരണപരമായ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കിൻഫ്ര ഏറ്റെടുത്ത സ്ഥലത്ത് എന്തൊക്കെ വ്യവസായ സംരംഭങ്ങൾ ആരുടെയൊക്കെ ഉടമസ്ഥതയിൽ ആരംഭിച്ചു; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) അവിടെ 2.25 ഏക്കർ സ്ഥലം പാട്ടത്തിനു കൊടുക്കാൻ 2-8-2012-ന് കിൻഫ്ര ടെണ്ടർ വിളിച്ചിരുന്നോ; എങ്കിൽ അപ്രകാരം ടെൻഡർ വിളിക്കാൻ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ആരൊക്കെയാണ് ആ ടെണ്ടറിൽ പങ്കെടുത്തതെന്നും ടെൻഡർ അവാർഡ് ചെയ്യാൻ സ്വീകരിച്ച മാനദണ്ഡം എന്തെന്നും വ്യക്തമാക്കാമോ;

(ഇ) മലബാർ ഗോൾഡിന് അവിടെ സ്വർണ്ണാഭരണ നിർമ്മാണശാല സ്ഥാപിക്കാൻ സ്ഥലം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലം എന്ത് പാട്ട തുകയ്ക്ക് നൽകി എന്ന് വിശദമാക്കാമോ;

(എഫ്) മലബാർ ഗോൾഡിന്റെ ആഭരണ നിർമ്മാണശാലയ്ക്കെതിരെ സമരം നടന്നുവരുന്നുണ്ടോ; എങ്കിൽ സമരക്കാരുടെ ആവശ്യം വ്യക്തമാക്കാമോ;

(ജി) സമരക്കാരുമായി സർക്കാർ ഏതെങ്കിലും രീതിയിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് സർവ്വകലാശാലയുടെ അധീനതയിലുള്ള 28.58 ഹെക്ടർ ഭൂമി 25-8-1995-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം എസ്.) നമ്പർ 423/95/ആർ.ഡി. പ്രകാരം കിൻഫ്രയ്ക്ക് 2,86,83,800 രൂപയ്ക്ക് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ട്.

(ബി) ടി ഭൂമിയിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ നിക്ഷേപങ്ങൾ കൂടുതലുള്ള സംരംഭങ്ങൾക്ക് വ്യവസായത്തിനായി ഭൂമി നൽകുമ്പോൾ Expression of Interest (EOI)/Request for Information (RFI) ക്ഷണിച്ചും വ്യക്തമായ മാനദണ്ഡങ്ങളുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചാണ് സംരംഭകരെ തെരഞ്ഞെടുത്ത് ഭൂമി അലോട്ട് ചെയ്യാറുള്ളത്. ടെൻഡറുകൾ വിളിക്കാറില്ല. ഇപ്രകാരം കിൻഫ്രയുടെ കാക്കാഞ്ചേരിയിലുള്ള ടെക്സ്റ്റൈൽ ഇൻഡസ്ട്രിയൽ പാർക്കിൽ പൊതുവായ സോണിൽ ഉൾപ്പെടെ 2.25 ഏക്കർ ഭൂമി പാട്ടത്തിന് കൊടുക്കുവാൻ 02.08.2012 ന് ഒരു Request for Information (RFI) വ്യക്തമായ യോഗ്യതയും മാനദണ്ഡങ്ങളും പ്രതിപാദിച്ചുകൊണ്ട് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

RFI മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രസ്തുത ആർ.എഫ്.ഐ.-ൽ പങ്കെടുക്കുന്നത് സ്ഥാപനമോ കമ്പനിയോ വ്യവസായ സംരംഭകനോ ആയിരിക്കണം. കൂടാതെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അവർ കുറഞ്ഞത് 5 ലക്ഷം ചതുരശ്ര അടി സ്ഥലം വികസിപ്പിച്ചിട്ടുണ്ടായിരിക്കണം.

2. അവരുടെ കുറഞ്ഞ സഞ്ചിതമൂല്യം (Minimum tangible networth) (ഓഡിറ്റ് ചെയ്തത്) മുൻ സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 കോടി രൂപയായിരിക്കണം.

3. മുൻ കാലത്തെ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കമ്പനിയോ സ്ഥാപനമോ സാമ്പത്തിക നഷ്ടം ഉണ്ടാക്കരുത്.

4. ഇപ്രകാരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള മുൻകാല പരിചയവും വൈദഗ്ധ്യവും ആവശ്യമായിരിക്കണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) RFI ക്ഷണിക്കുകയും അതിൽ Malabar Gold Pvt. Ltd. എന്ന സ്ഥാപനം മാത്രമേ വിശദമായ പ്രൊപ്പോസൽ കിൻഫ്രയ്ക്ക് സമർപ്പിച്ചിരുന്നുള്ളൂ. ഇതേത്തുടർന്ന് മാർച്ച് 22, 2013-ൽ കിൻഫ്രയുടെ ബോർഡ് Malabar Gold Pvt. Ltd. എന്ന സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ വിലയിരുത്തുകയും RFI-ൽ പ്രതിപാദിച്ചിരുന്ന വ്യവസ്ഥകളിൽ Malabar Gold Pvt. Ltd. എന്ന സ്ഥാപനം യോഗ്യത നേടിയതിന്റെ അടിസ്ഥാനത്തിലും കിൻഫ്ര ബോർഡ് 2.25 ഏക്കർ സ്ഥലം അലോട്ട്മെന്റ് നടപടിക്രമങ്ങൾ പാലിച്ച് 30 വർഷത്തെ പാട്ടവ്യവസ്ഥയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നത് അലോട്ട് ചെയ്യാൻ തീരുമാനിച്ചു.

(ഇ) ഉണ്ട്. 2.25 ഏക്കർ സ്ഥലം ഏക്കർ ഒന്നിന് 1,38,21,000 രൂപ ലീസ് പ്രീമിയം പ്രകാരം പാട്ടവ്യവസ്ഥയിൽ ആണ് നൽകിയിരിക്കുന്നത്.

(എഫ്) ഉണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണം എന്നതാണ് ആവശ്യം.

(ജി) സമരവുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുമായി 02.05.2014-ൽ മലപ്പുറം ജില്ലാ കളക്ടർ യോഗം വിളിച്ചിരുന്നു. തുടർന്ന് 12-3-2015-ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലും ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ എല്ലാംതന്നെ Malabar Gold Pvt. Ltd. എന്ന സ്ഥാപനത്തിന്റെ പ്രതിനിധികൾ അവരുടെ കാക്കാഞ്ചേരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആഭരണ നിർമ്മാണ ശാലയിലെ ഉല്പാദന പ്രക്രിയയുടെ ഓരോ നടപടിക്രമങ്ങളും വിശദമായി അവതരിപ്പിച്ചിരുന്നു. 21-3-2015-ലും 31-3-2015-ലും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ മലപ്പുറം ജില്ലാ കളക്ടർ ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിരുന്നു. 6-10-2015 ൽ തിരൂർ ആർ.ഡി.ഒ. മറ്റൊരു മീറ്റിംഗും ഇതുമായി ബന്ധപ്പെട്ട് നടത്തിയിരുന്നു.

രാമനാട്ടുകര ഫുട്‌വെയർ പാർക്ക്

156 (541) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ കീഴിൽ രാമനാട്ടുകര ഫുട്‌വെയർ പാർക്ക് നിർമ്മിക്കുന്നതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിച്ചത്;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) ഇന്നത്തെ അവസ്ഥയിൽ പാർക്കിന്റെ പ്രവർത്തനം ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുന്നതിന് സാദ്ധ്യമാകുമോ?

GPM. 2/237/2020-33

LIBRARY ARCHIVES Kerala Legislative Assembly